ഓം ശ്രീ സായിരാം

# സായീ വിവേകമുത്തുകൾ

**ഭഗവാന്റെ സംഭാഷണങ്ങൾ**

**പ്രഫ. അനിൽകുമാർ പോഡ്കാസ്റ്റ്**

**ഓഡിയോ ഡിവിഷൻ 10B**

**(മലയാളം ഉൾപ്പടെ 6 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷ്, ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, റഷ്യൻ മുതലായ 6 വിദേശഭാഷകളിലും ഞായറാഴ്ചതോറും പ്രഫ. അനിൽകുമാർ പ്രസിദ്ധീകരിക്കുന്നത്)**

## ''നിങ്ങൾ ഇന്നലെ അനിൽകുമാറിനെ കണ്ടോ?''

അപ്പോൾ അവിടുന്ന് അവിടെ ഇരിക്കുകയായിരുന്ന മറ്റൊരാളോട് ആരാഞ്ഞു, ''ഇന്നലെ, സ്പോർട്സ് മീറ്റ് നടക്കുന്നിടത്തെ സ്റ്റേജിൽ, സ്യൂട്ടും കഴുത്തിൽ ടൈയും അണിഞ്ഞ് അനിൽകുമാറിനെ നീ കണ്ടിരുന്നോ?''




അദ്ദേഹം മറുപടി പറഞ്ഞു, ''കണ്ടു സ്വാമീ. അത് വളരെ നന്നായി ചേരുന്നുണ്ടായിരുന്നു അദ്ദേഹത്തിന്.''

അപ്പോൾ ബൃന്ദാവൻ ഹോസ്റ്റലിന്റെ വാർഡനായ, മറ്റൊരു മാന്യദേഹം പറഞ്ഞു, ''സ്വാമീ, ഞാൻ അനിൽകുമാറിന്റെ മുഖത്തുനോക്കിത്തന്നെ പറഞ്ഞു, 'ഈ കടുംനീല ജാക്കറ്റും വെള്ള പാന്റ്സും ടൈയും അണിഞ്ഞ് താങ്കളൊരു സ്പോർട്സ്മാനെപ്പോലിരിക്കുന്നു.' കാണാൻ നല്ല രസമായിരുന്നു.''

ഞാൻ പറഞ്ഞു, ''സ്വാമീ, ഞാനിവിടെ കുലീനനായി നടന്നില്ലെങ്കിൽ, മറ്റെവിടെ എനിക്കതിനു പറ്റും? (*ചിരി*) എനിക്കിവിടെ പൂർണ്ണ അന്തസ്സ് ലഭിച്ചില്ലെങ്കിൽ, പിന്നെവിടെ എനിക്കതു കിട്ടും? വീട്ടിലായിരുന്നാൽ, കൂടിപ്പോയാൽ തെരുവിലുള്ളവർ എന്നെ കണ്ടേക്കാം, ഇവിടെയോ ഇന്ത്യയിലെയും വിദേശത്തെയും ആയിരക്കണക്കിന് ആളുകളാണ് എന്നെ കാണുക. എന്തുകൊണ്ടില്ല? അതുകൊണ്ട്, പറ്റാവുന്ന ഏറ്റവും നല്ല രീതിയിൽ പ്രത്യക്ഷ

പ്പെടാനാണ് ഞാൻ നോക്കുന്നത്, കാരണം ഞാൻ ഈശ്വരസമീപമാണ്. എന്തുകൊണ്ടല്ല?''

അപ്പോൾ അവിടുന്ന് പറഞ്ഞു, ''ഉം. (*ചിരി*) ഇനിയെന്താ നിനക്ക് പറയാനുള്ളത്?''

## പൊങ്ങച്ചവും അന്തസ്സും

'ദർജ' എന്നൊരു വാക്കുണ്ട്, അതിനർത്ഥം 'എല്ലാ പകിട്ടും പൊങ്ങച്ചവും' എന്നാണ്; മറ്റൊരു പദമുണ്ട്, 'തീവി'- 'എല്ലാ അന്തസ്സോടയും' എന്നാണതിനർത്ഥം.

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, ഈ ദർജയും തീവിയും ഇവിടെ പറ്റില്ലെങ്കിൽ, പിന്നെവിടെ കാണിക്കാനാണ് എനിക്ക് പറ്റുക?''

സ്വാമി എന്നെ സശ്രദ്ധം വീക്ഷിക്കുകയായിരുന്നു. കാര്യങ്ങൾ ലഘൂകരിക്കാൻ പറ്റിയ അവസരമാണെന്നു കണ്ട് ഒന്നു ശ്രമിച്ചുനോക്കാമെന്ന് ഞാൻ കരുതി. അതുകൊണ്ട്, ഞാൻ പറഞ്ഞു, ''സ്വാമീ, ദർജയും(പൊങ്ങച്ചവും പ്രകടനവും) തീവിയും(അന്തസ്സ്) തമ്മിലുള്ള വ്യത്യാസമെന്താണ്? എന്തു വ്യത്യാസമാണുള്ളത്? രണ്ടും ഒന്നുതന്നെയല്ലേ?''

അപ്പോൾ ഭഗവാൻ പറഞ്ഞു, ''പുറമെ ദർജയായിട്ടുള്ളത് അകമേ തീവിയായാണ് പ്രതിഫലിക്കുക. പൊങ്ങച്ചവും പ്രകടനവുമൊക്കെ ബാഹ്യമാണ്, അന്തസ്സാകട്ടെ ആന്തരികവും. അങ്ങനെയാണവ പ്രകടമാവുക. ബാഹ്യമായി കാണപ്പെടുന്നതെല്ലാം ദർജയാണ്, ടി.വി., ടെലിവിഷനിൽ പതിഞ്ഞുകാണപ്പെടുന്നതൊക്കെ തീവിയും. തീവി ടി.വി.യാണ്.''

ഈ ചെറുപദങ്ങൾകൊണ്ടുള്ള സുന്ദരമായ ദ്വയാർത്ഥപ്രയോഗം മനസ്സിലായോ? അതിനാൽ, തീവി അഥവാ അന്തസ്സ് ടി.വി.പോലെയാണ്, എന്നാൽ ദർജ അഥവാ പൊങ്ങച്ചവും പ്രകടനവും പുറമെയുള്ള ദൃശ്യചിത്രീകരണവും.

''അതിശയം, സ്വാമീ. അതിസുന്ദരം, അതിസുന്ദരം. എനിക്ക് വളരെ സന്തോഷമായി.''

## "അദ്ദേഹം അവിടുത്തെ ഉത്പന്നമാണ് "

എന്നിട്ടവിടുന്ന്, കാമ്പസ്സ് പ്രിൻസിപ്പാൾമാരിൽ ഏറ്റവും പ്രായംകുറഞ്ഞതും സ്വാമിയുടെ യൂണിവേഴ്സിറ്റിയിലെ പൂർവവിദ്യാർത്ഥിയുമായ ബൃന്ദാവൻ കോളേജ് പ്രിൻസിപ്പാളിനെ വിളിച്ചു.

അവിടുന്ന് എന്നോട് തിരക്കി, "അവൻ എങ്ങനെയുണ്ട്?"

ഞാൻ പറഞ്ഞു, "സ്വാമീ, അവനൊരു രത്നമാണ്."

എന്നിട്ട് അവിടുന്ന് ചോദിച്ചു, "നിനക്കെങ്ങനെയറിയാം?"

"അവൻ അവിടുത്തെ ഉത്പന്നമാണെന്ന നിസ്സാരകാരണം കൊണ്ടുതന്നെ. ഞാനിവിടെ വന്നത് 45 വയസ്സുള്ളപ്പോളാണ്. 45-ാം വയസ്സിൽ, പകുതി വഷളായിട്ടാണ് ഞാൻ വന്നത്, എന്നാൽ ഈ കുട്ടിയാവട്ടെ അവിടുത്തെ ഉത്പന്നമാണ്, 100 ശതമാനം പരിശുദ്ധം."

"ഉം, ശരി."

## "അവിടുന്ന് കാലാതീതൻ "

അപ്പോൾ സ്വാമി തിരക്കി, "ഞാനോ?"

"സ്വാമീ, പ്രഭുവിന് പ്രായമില്ലല്ലോ. ഞാനിവിടെ 45 വയസ്സുള്ളപ്പോളാണ് വന്നത്, എന്നാൽ ഈ കുട്ടിയാവട്ടെ ചെറുപ്പത്തിലേ അവിടുത്തെ സമീപം എത്തിയതാണ്. അവിടുന്നിന് എത്ര വയസ്സായെന്ന് എന്നെക്കൊണ്ട് പറയിക്കണം എന്നാണോ? ഭഗവാന് പ്രായം ഇല്ല. അവിടുന്ന് കാലാതീതനാണ്."

അപ്പോൾ നമ്മുടെ നല്ല ഭഗവാൻ എനിക്കൊരു സുന്ദരസ്മേരം തന്നിട്ടു പറഞ്ഞു, "നിനക്കെങ്ങനെയറിയാം?" (*ചിരി*)

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, നിരവധി ആളുകൾ എന്നോടു പറയാറുണ്ട്, 'സ്വാമിയാണ് എന്റെ വിവാഹം നടത്തിത്തന്നത്, സ്വാമിയാണ് എന്റെ മകന്റെ വിവാഹം നടത്തിത്തന്നത്, സ്വാമിയാണ് എന്റെ കൊച്ചുമകന്റെ നാമകരണം നടത്തിത്തന്നത്' ഇങ്ങനെ. ഞങ്ങളെല്ലാം വയസ്സാവുകയാണ്, പക്ഷേ സ്വാമി ഇപ്പോഴും അത്ര ചെറുപ്പവും. അതുകൊണ്ട് അവിടുന്ന് കാലാതീതനാണ്."

“ശരി, ശരി.”

## “എനിക്ക് ആധികളില്ല ”

അപ്പോൾ സ്വാമി വളരെ പ്രധാനപ്പെട്ട ഒരു പരാമർശം നടത്തി: “നിങ്ങളും എന്നെപ്പോലെയായാൽ, നിങ്ങൾക്കും കാലാതീതരാവാം.”

“സ്വാമീ, അവിടുത്തെപ്പോലെയോ? എന്താണവിടുന്ന് അർത്ഥമാക്കുന്നത്?”

അവിടുന്ന് പറഞ്ഞു, “എനിക്ക് ആധികൾ-ചിന്തലു-ഇല്ല. എനിക്ക് വിചാരങ്ങൾ ഒന്നുമില്ല. എനിക്ക് ആധികളില്ല. നിങ്ങൾക്ക് ചിന്തലു-ആധികൾ-ഇല്ലെങ്കിൽ, നിങ്ങൾക്കും എന്നെപ്പോലെ ചെറുപ്പമാവാം.”

“സ്വാമീ, എന്തുകൊണ്ടാണ് ആളുകൾ വയസ്സാവുന്നത്?”

“ആധികൾ നിങ്ങളെ പ്രായമുള്ളവരാക്കും. ആധികളാണ് വയസ്സാവുന്നതിന് കാരണം. നിങ്ങൾക്ക് ആധികൾ ഇല്ലെങ്കിൽ, നിങ്ങളും എന്നെപ്പോലെ കാണപ്പെടും.”

നമുക്കും ആധികൾ ഇല്ലായിരുന്നുവെങ്കിൽ അതെത്ര രസമായേനേ! ആധികളിൽനിന്നും മുക്തരാവാൻ നാം ആഗ്രഹിക്കുന്തോറും നാം കൂടുതൽ ആധിയുള്ളവരാകുന്നു. ഉറങ്ങിക്കിടക്കുന്ന ശ്വാക്കൾ അങ്ങനെ കിടന്നോട്ടെ, നാം അവയെ ഉണർത്തേണ്ടാ!

## “പ്രശാന്തിനിലയം സ്വർഗമാണ് ”

ഇനി ഒരു പ്രത്യേക പരാമർശമുണ്ടായി. ഏതോ മാന്യൻ പറഞ്ഞു, “സ്വാമീ, ജാനുവരി 14 വൈകുണ്ഠഏകാദശിയാണ്. വൈകുണ്ഠഏകാദശി അന്നാണെന്നു തന്നെയല്ല, സംക്രാന്തിയും കൂടിയാണ്.”

സകല ദൈവങ്ങളെയും ഒരേ സമയം പൂജിക്കാൻ പറ്റിയ അവസരമാണ് വൈകുണ്ഠഏകാദശിയെന്ന ഉത്സവം. ഈശ്വരൻ ഒന്നേയുള്ളൂ, ദൈവങ്ങൾ പലരുണ്ട്-സമ്മതിച്ചോ? ഈശ്വരനും ദൈവവും തമ്മിൽ വ്യത്യാസമുണ്ട്-ശരിയല്ലേ? ലക്ഷ്മി ഒരു ദേവതയാണ്. സരസ്വതി ഒരു ദേവതയാണ്. ദുർഗ ഒരു ദേവതയാണ്. കാളി, ദുർഗ-ഇവരൊക്കെ ദേവതമാരാണ്. എന്നാൽ, ഈശ്വരൻ ഒന്നേയുള്ളൂ. ഇത് വ്യക്തമാണല്ലോ? അതുകൊണ്ട്, വൈകുണ്ഠഏ

കാദശി നമുക്ക് സകല ദൈവങ്ങളെയും ആരാധിക്കാൻ പറ്റിയ അവസരമാണ്. വൈകുണ്ഠം എന്നാൽ സ്വർഗം.

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, അങ്ങനെയാണെങ്കിൽ, ഈ പ്രശാന്തിനിലയം വൈകുണ്ഠമാണ്, സ്വർഗമാണ്. ഇത് ആ സ്വർഗംതന്നെയാണ്."

അവിടുന്ന് തിരക്കി, "നിനക്കെങ്ങനെയറിയാം?"

"എനിക്കറിയാം, കാരണം ഇവിടെയായിരിക്കുമ്പോൾ എനിക്ക് ആധികളില്ല," ഞാൻ പറഞ്ഞു. "പുറത്തു കടക്കുന്ന ആ നിമിഷം, ആധികളെന്നെ പിന്തുടർന്ന് പിടികൂടുന്നു. ആധികളില്ലാത്ത, ചിന്തകളില്ലാത്ത അവസ്ഥയാണ് സ്വർഗം. ആ സ്വർഗം ഞാൻ ഇവിടെ അനുഭവിക്കുന്നു. അതുകൊണ്ട് ഇത് സ്വർഗംതന്നെയാണ്."

## മാതൃകയും ആജ്ഞയും

എന്നിട്ട് ഞാൻ പറഞ്ഞു, "സ്വാമീ, അവിടുന്ന് ഞങ്ങൾക്ക് കാട്ടിത്തന്നത് എന്തൊരു മാതൃകയാണ്! ഞങ്ങളും ചിന്തകളിൽനിന്നും ആധികളിൽനിന്നും മുക്തരാവണമെന്ന ആദർശം- അവിടുന്ന് എന്തൊരു മാതൃകയാണ്!"

അപ്പോൾ ഭഗവാൻ പറഞ്ഞു, "അത് കേവലം ലളിതമായ ആദർശമല്ല. അതെന്റെ ആദേശമാണ്, നിങ്ങളോടുള്ള ആജ്ഞയാണ്."

ആദേശമെന്നാൽ ആജ്ഞയാണ്, ആദർശമോ മാതൃകയും.

ആദർശം അഥവാ മാതൃകയായ സ്വാമിക്ക് ആദേശമുണ്ട് എന്ന വസ്തുത ഇതുകൊണ്ട് മനസ്സിലാവുന്നു.അതിനു പിന്നിലുള്ള അവിടുത്തെ ആജ്ഞ നമുക്ക് പിന്തുടരാനുള്ള, അനുകരിക്കാനുള്ള മാതൃകയാണ്.

അവസാനം സ്വാമി പറഞ്ഞു, "എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഞാൻ നിങ്ങളോട് പറയുന്നത് അതുകൊണ്ടാണ്."

അവിടുത്തെ ജീവിതം മാതൃകയാണ്, ആദർശമാണ്. അവിടുത്തെ സന്ദേശം ആജ്ഞയാണ്, ആദേശമാണ്.

## ആത്മസംതൃപ്തി

“സ്വാമീ, മറ്റുള്ളവർ അംഗീകരിക്കുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ ഞങ്ങൾക്ക് എങ്ങനെയോ -മനശ്ശാസ്ത്രപരം എന്നതിനെ വിളിക്കാം- സംതൃപ്തി കിട്ടുന്നു. എല്ലാവരുടെയും അംഗീകാരമോ അഭിനന്ദനമോ നേടുന്ന ഒരു കാര്യം ചെയ്യുമ്പോൾ, എനിക്ക് സംതൃപ്തി കിട്ടുന്നു, ശരിയല്ലേ? ഇത് സംതൃപ്തി (satisfaction) ആണോ?”

സ്വാമി പറഞ്ഞു, “മറ്റുള്ളവരുടെ അംഗീകാരത്തേക്കാൾ കൂടുതൽ പ്രധാനം ആത്മസംതൃപ്തിയാണ്. ആത്മസംതൃപ്തി (Self-satisfaction) എന്നത് പുറത്തുനിന്നുള്ള ഏതൊരു വസ്തുവിൽനിന്നും ലഭിക്കുന്ന അംഗീകാരത്തേക്കാളും കൈയടിയേക്കാളും കൂടുതൽ പ്രധാനമാണ്.”

ഇതോടെ, 2003 ജാനുവരി 12-ലെ സംഭാഷണം അവസാനിച്ചു. ഇനി നമുക്ക, മുമ്പ് ചെയ്തുകൊണ്ടിരുന്നതുപോലെ, പഴയ ദിനങ്ങളിലേക്ക് തിരിച്ചുപോവാം.

## ആഗോളവത്കരണവും ജീവിതനിലവാരവും

ആ ദിവസം, പതിവുപോലെ, സായാഹ്നത്തിലെ ഇന്റർവ്യൂവിനുശേഷം, ഭഗവാൻ രാജകീയമായി ചുവടുവച്ച്, അവിടുത്തെ മുടി സുന്ദരവും അനനുകരണീയവുമായ ശൈലിയിൽ ഒതുക്കിക്കൊണ്ട്, മെല്ലെ പുറത്തുവന്നു. അവിടുന്ന് അവിടെ സാവധാനം ഇരുന്നിട്ട് ഞങ്ങളോട് സംസാരിക്കാനാരംഭിച്ചു.

അവിടുന്ന് തിരക്കി, “നിങ്ങൾക്കിന്ന് കോളജിൽ ഒരു മീറ്റിംഗ് ഉണ്ടായിരുന്നു, അല്ലേ?”

“ഉവ്വ്, സ്വാമീ. ഇന്നു കാലത്ത് ഞങ്ങൾക്കൊരു മീറ്റിംഗ് ഉണ്ടായിരുന്നു”

"എന്തായിരുന്നു വിഷയം?"

"സ്വാമീ, ഒരു വിദഗ്ധൻ ആഗോളവത്കരണത്തെപ്പറ്റി സംസാരിച്ചു"

"ഓ, അങ്ങനെയോ. എന്തിനാണ് ആഗോളവത്കരണം? "

"സ്വാമീ, നമ്മുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആഗോളവത്കരണം വളരെ ആവശ്യമാണ്."

ഭഗവാൻ പറഞ്ഞു "നിങ്ങൾക്ക് തെറ്റി. ജീവിതനിലവാരം മെച്ചപ്പെടുത്തേണ്ടതില്ല. അതു കൊണ്ട്, ആഗോളവത്കരണം ശരിയല്ല. ജീവിതനിലവാരത്തേക്കാൾ പ്രധാനം ജീവന്റെ നിലവാരം, ജീവന്റെ മൂല്യമാണ്."

## ജീവിതനിലവാരവും അപകടവും

എന്നിട്ടവിടുന്ന് രണ്ട് പദങ്ങൾ ഉപയോഗിച്ചു. അവിടുന്ന് ഉപയോഗിച്ച ഒരു വാക്ക് '**പ്രമാണം**' (നിലവാരം) എന്നതായിരുന്നു. "നിങ്ങൾ പ്രമാണത്തിന്റെ, ജീവിതനില വാരത്തിന്റെ പുറകെ പോയാൽ നിങ്ങൾക്ക് പ്രമാദം പറ്റും. പ്രമാദമെന്നാൽ ആപത്ത്. ഈ നിലവാരങ്ങൾക്കു പിമ്പേ പാഞ്ഞാൽ ആപത്താവും ഫലം. അതിനാൽ, പ്രമാണത്തിന്റെ, ജീവിതനിലവാരത്തിന്റെ, പുറകെ പോയി ജീവിതത്തിൽ ആപത്തുകളെ അഭിമുഖീകരിക്കാതിരിക്കാൻ ശ്രദ്ധിച്ചോളുക." ഇതാണ് ഭഗവാൻ അരുളിയത്.

"സ്വാമീ," ഞങ്ങൾ പറഞ്ഞു, "ഈ രാജ്യം മഹത്താണ്, ആ രാജ്യം ധനികമായതിനു കാരണം അതിന്റെ സമ്പത്ത്, ബാഹുല്യം, അഭിവൃദ്ധി ഇവ കാരണമാണ്. ഇത് ആ രാജ്യത്തിന്റെ പ്രതിശീർഷവരുമാനത്തെ സൂചിപ്പിക്കുന്നില്ലേ?"

സ്വാമി പറഞ്ഞു, "അല്ല. എന്താണ് ജീവിതത്തിന്റെ ദേശീയനിലവാരം? ജീവിതത്തിന്റെ ദേശീയനിലവാരം എന്നത് സകല ജീവലോകത്തിന്റെയും, ജീവികളുടെയും ജന്തുക്കളുടെയും സസ്യങ്ങളുടെയും പ്രകൃതിവിഭവങ്ങളുടെയും ഉത്ഗ്രഥനമാണ്. ഇതിന്റെയെല്ലാം

ഒരുമിച്ചുള്ള ഉത്ഗ്രഥന(integration)മാണ് ദേശീയനിലവാരം എന്നത്, കേവലം ബാഹ്യഘടകങ്ങളല്ല.”

അപ്പോൾ അവിടുന്ന് പറഞ്ഞിട്ടുള്ളതിനെപ്പറ്റി ഞാൻ ചിന്തിച്ചു. ഇന്ന് നമുക്ക് നിരവധി ആഗോള പ്രശ്നങ്ങളുണ്ട്. ഗ്രീൻഹൗസ് ഇഫക്ട്, ഓസോൺ സുഷിരങ്ങൾ, മലിനീകരണം ഇങ്ങനെ. പ്രകൃതിവിഭവങ്ങളുടെ ഉത്ഗ്രഥനത്തിന്റെ അഭാവം കാരണമാണ് ഈ പ്രശ്നങ്ങളൊക്കെ നിലനിൽക്കുന്നത്. നമ്മൾ ജന്തുലോകത്തെ നശിപ്പിക്കുന്നു; ഇക്കാരണത്താൽ വന്യജീവിതം വളരെ ക്ലേശമനുഭവിക്കുന്നു. നമ്മൾ വൻവൃക്ഷങ്ങളെയൊക്കെ വെട്ടുകയോ കടപുഴകിക്കുകയോ ചെയ്യുന്നു. ഇക്കാരണത്താൽ നാം ഇന്ന് വായുമലിനീകരണപ്രശ്നം നേരിടുന്നു.

ഭഗവാൻ പറയുന്നത്, സകല ജീവവർഗങ്ങളുടെയും ഉത്ഗ്രഥനം-സസ്യങ്ങൾ, ജന്തുക്കൾ, പക്ഷികൾ തുടങ്ങിയവ പൂർണ സമത്വത്തോടെ ഒരുമിച്ച് കഴിയുന്നതാണ് ഒരു ദേശത്തിന്റെ നിലവാരം എന്നാണ്. അല്ലാതെ, സാമ്പത്തികസ്ഥിതി, സുഖസൗകര്യങ്ങൾ, ക്ഷേമകാര്യങ്ങൾ, ആർഭാടം ഇവയുടെ അടിസ്ഥാനത്തിലല്ല എന്നാണ്. ഇപ്രകാരമാണ് അവിടുന്നീ വിഷയം അവതരിപ്പിച്ചത്. ഈ വസ്തുതകൾ ലോകമെമ്പാടുമുള്ള പരിസ്ഥിതിശാസ്ത്രജ്ഞരെയും ജീവശാസ്ത്രകാരന്മാരെയും അലട്ടുന്ന വസ്തുതയത്രേ.

സായിരാം!

**പ്രഫ. അനിൽകുമാർ കാമരാജു**
(മലയാളപരിഭാഷയും പോഡ്കാസ്റ്റും: എം.എൻ. വിനോദ്കുമാർ)

